**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊവിഡ് 19 - പ്രത്യേക സാഹചര്യം പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകി വരുന്ന വ്യാപാര ലൈസൻസ് ഉൾപ്പെടെയുള്ള വിവിധ ലൈസൻസുകൾ പുതുക്കുന്നതിനുള്ള അവസാന തീയതി 30.11.2020 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2073/2020/ത.സ്വഭ.വ. തിരുവനന്തപുരം, തീയതി: 04.11.2020

---

പരാമർശം:
1) സ.ഉ.(സാധാ)നം. 509/2020/തസ്വഭവ തീയതി 28.02.2020.
2) സ.ഉ.(സാധാ)നം. 695/2020/തസ്വഭവ തീയതി 20.03.2020.
3) സ.ഉ.(സാധാ)നം. 836/2020/തസ്വഭവ തീയതി 07.05.2020.
4) സ.ഉ.(സാധാ)നം. 1062/2020/തസ്വഭവ തീയതി 05.06.2020.
5) സ.ഉ.(സാധാ)നം. 1688/2020/തസ്വഭവ തീയതി 18.09.2020.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കൊവിഡ് 19 -മായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യം പരിഗണിച്ച്, പൊതുജനങ്ങളും വ്യാപാരികളും മറ്റ് സംരംഭകരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യാപാര ലൈസൻസ് ഉൾപ്പെടെയുള്ള വിവിധ ലൈസൻസുകൾ പുതുക്കുന്നതിനുള്ള കാലാവധി പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം വിവിധ ഘട്ടങ്ങളിലായി ദീർഘിപ്പിച്ച് നൽകിയിരുന്നു. പരാമർശം(5) ലെ ഉത്തരവ് പ്രകാരം 30.09.2020 വരെ ഇപ്രകാരം കാലാവധി ദീർഘിപ്പിച്ച് നൽകിയെങ്കിലും പ്രസ്തുത ഉത്തരവ് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സാധിക്കാത്തത് സംബന്ധിച്ച് വ്യാപാരികളിൽ നിന്നും ആക്ഷേപങ്ങളും പരാതികളും ലഭിക്കുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകി വരുന്ന വ്യാപാര ലൈസൻസ് ഉൾപ്പെടെയുള്ള വിവിധ ലൈസൻസുകൾ പുതുക്കുന്നതിനുള്ള അവസാന തീയതി 30.11.2020 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്- I / ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി3/108/2019/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.